LIBRARY ARCHIVES Kerala Legislative Assembly

ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനരുദ്ധാരണം

156(856) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി ദയം മറുപടി നൽകുമോ:

(എ) കാലവർഷക്കാലം നേരിടുന്ന ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനരുദ്ധാരണം എന്ന് തുടങ്ങാനാകുമെന്ന് അറിയിക്കാമോ;

(ബി) ഉപ്പുവെള്ളം കയറി പ്രദേശത്തെ കൃഷി നശിക്കുന്നതിനാൽ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുനരുദ്ധരിക്കുമെന്ന നിലപാട് കൈക്കൊണ്ട ശേഷം ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) പദ്ധതിക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അടങ്കൽ തുക എത്രയായാണ് കണക്കാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിക്കായുള്ള എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ PRICE SOFTWARE ഉപയോഗിച്ച് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) ഈ പദ്ധതിക്ക് 13-ാം ധനകാര്യ കമ്മിഷനിൽ 160 ലക്ഷം രൂപയ്ക്ക് അംഗികാരം നൽകിയെങ്കിലും പ്രസ്തുത പദ്ധതി കാഞ്ഞങ്ങാട് കാസർഗോഡ് കെ.എസ്.ടി.പി. റോഡിന്റെ ഭാഗമായതിനാൽ പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകാനുള്ള കാലതാമസംമൂലം പദ്ധതി തുടങ്ങാൻ സാധിച്ചില്ല. എന്നാൽ ടി പദ്ധതി തുടങ്ങാൻ തടസ്സമില്ലെന്ന് കെ.എസ്.ടി.പി. അധികൃതർ അറിയിച്ചതിനെ തുടർന്ന് 2012 നിരക്കിൽ 283 ലക്ഷം (ഇരുന്നൂറ്റി എൺപത്തി മൂന്ന് ലക്ഷം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ഐ&ഇ) PRICE SOFTWARE-ൽ തയ്യാറാക്കി വരുന്നു.

കട്ടനാട് പാക്കേജ്

157(857) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി ദയം മറുപടി നൽകുമോ:

(എ) കട്ടനാട് പാക്കേജിന് എന്നാണ് അനുമതി ലഭിച്ചത്; ഈ പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയായിരുന്നു; കേന്ദ്ര സർക്കാരിൽ നിന്നും എത്രയുക ലഭിച്ചു; സംസ്ഥാന വിഹിതമായി എത്രയുക ലഭിച്ചു; നാളിതുവരെ എത്രയുക ചെലവഴിച്ചു.;